# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5138 23/03/2018-ൽ മറുപടിയ്ക്ക്

**മദ്യനയം മൂലം തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധിവാസം**

ചോദ്യം
ശ്രീ.പി.ടി.തോമസ്

ഉത്തരം
ശ്രീ. ടി.പി.രാമകൃഷ്ണൻ
(തൊഴിലും, എക്സൈസും വകുപ്പ് മന്ത്രി)

(എ) മദ്യനയം മൂലം ജോലിയും ജീവിതമാർഗ്ഗവും നഷ്ടപ്പെട്ട തൊഴിലാളികളുടെ പുനരധിവാസത്തിന് വേണ്ടി മദ്യത്തിന് അഞ്ച് ശതമാനം സെസ്സ് ഏർപ്പെടുത്തിയിരുന്നോ; പ്രസ്തുത സെസ്സിലൂടെ ഇതിനകം എത്രകോടി രൂപ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കമോ;

(എ) 2014 ഒക്ടോബർ മാസം മുതൽ ബിവറേജസ് കോർപ്പറേഷൻ മുഖാന്തിരം വിൽക്കുന്ന മദ്യത്തിൻമേൽ 5% പുനരധിവാസ നികുതി ചുമത്തിയിരുന്നു. ലഭിച്ച തുക ചുവടെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 2014-15 | 124.80 കോടി രൂപ |
| 2015-16 | 293.75 കോടി രൂപ |
| 2016-17 | 308.73 കോടി രൂപ |
| 2017-18 (ഫെബ്രുവരി വരെ | 299.85 കോടി രൂപ |
| ആകെ | 1027.13 കോടി രൂപ |

(ബി) തൊഴിലാളികളുടെ പുനരധിവാസത്തിനായി നാളിതുവരെ ഇതിൽ നിന്ന് എന്ത് തുക ചെലവഴിച്ചു; എത്ര തൊഴിലാളികൾക്ക് ആനുകൂല്യം ലഭിച്ചുവെന്ന് അറിയിക്കമോ;

ബി) 8651 തൊഴിലാളികൾക്ക് സമാശ്വാസമായി 7,65,31,500/- രൂപയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്.

(സി) ബാറുകൾ അടച്ചുപൂട്ടിയത് മൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളെ പുനരധിവസിപ്പിക്കുവാൻ പുനർജനി 2030 എന്ന പദ്ധതി ആവിഷ്കരിച്ചിരുന്നോ; പ്രസ്തുത പദ്ധതി നിലവിലുണ്ടോ; വിശദാംശം നൽകുമോ;

(സി) 2014-15 വർഷത്തെ മദ്യനയത്തെ തുടർന്ന് ബാറുകൾ നിർത്തലാക്കിയതുമൂലം തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികളെയും മദ്യാസക്തിക്ക് അടിമപ്പെട്ടവരെയും പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശത്തോടെ, 22.08.2014 ലെ സ.ഉ (എം.എസ്)

നം.139/2014/നി.വ പ്രകാരം
പ്രഖ്യാപിച്ച മദ്യനയത്തിൽ
'പുനർജനി 2030' എന്ന പ്രത്യേക
പദ്ധതി ആരംഭിക്കുന്നതാണെന്ന്
വ്യവസ്ഥ ചെയ്തിരുന്നു. പ്രസ്തുത
പദ്ധതി നടപ്പിലാക്കുന്നതിനായി
കേരള സ്റ്റേറ്റ് ബിവറേജസ്
കോർപ്പറേഷനിലൂടെ വിൽപ്പന
നടത്തുന്ന മദ്യത്തിന്റെ വില്പന
നികുതിയിന്മേൽ 5% സെസ്സ്
ഏർപ്പെടുത്തുന്നതിന് തീരുമാനം
കൈക്കൊണ്ടിരുന്നു. കൂടാതെ
പൂട്ടുന്ന ബാറുകളിലെ
തൊഴിലാളികളെയും
മദ്യകുപ്പികളിൽ സ്റ്റിക്കർ ഒട്ടിക്കുന്ന
ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരെ
യും പുനരധിവസിപ്പിക്കുന്നതിനു
വേണ്ടി കേരള ആൽക്കഹോൾ
എഡ്യുക്കേഷൻ റിസർച്ച്
റിഹാബിലിറ്റേഷൻ &
കോമ്പൻസേഷൻ ഫണ്ട്
(KAERCF) രൂപീകരിക്കുന്നതിനും
തീരുമാനിച്ചിരുന്നു,
മദ്യപാനത്തിനെതിരെ പ്രചരണം
നടത്തുന്നതിനും ഇത് സംബന്ധിച്ച
ഡേറ്റ സമാഹരിക്കുക, മദ്യപാനം
മൂലം തകർന്നവരെ സംരക്ഷിക്കുക
തൊഴിൽ നഷ്ടപ്പെട്ടവർക്ക്
പുനരധിവാസം തുടങ്ങിയ
ആവശ്യങ്ങൾക്കുവേണ്ടി പ്രസ്തുത
ഫണ്ട് ഉപയോഗിക്കുവാനും
ലക്ഷ്യമിട്ടിരുന്നു. പൊതുജനങ്ങളിൽ
നിന്നുമുള്ള സംഭാവനയിലൂടെ
ഇതിനുള്ള പണം കണ്ടെത്താനും
ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു.
തൊഴിൽ നഷ്ടപ്പെട്ട ബാർ
തൊഴിലാളികളുടെ
പുനരധിവാസത്തിന് ഒരു പദ്ധതി
തയ്യാറാക്കുന്ന കാര്യം പഠിച്ച്
റിപ്പോർട്ട് സമർപ്പിക്കുവാനായി
11.01.2018 ലെ സ.ഉ (സാധാ)
നം. 31/2018/നി.വ പ്രകാരം
എക്സൈസ് കമ്മീഷണർ

| | | | |
|---|---|---|---|
| | | | കൺവീനറായി ഒരു അഞ്ചംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | സെസ്സ് വഴി പിരിച്ചെടുക്കുന്ന തുക പുനർജനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വേണ്ടി മാത്രമെ ഉപയോഗിക്കുവാൻ പാടുള്ളുവെന്ന് സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുണ്ടോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Sreedevi

സെക്ഷൻ ഓഫീസർ